LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി എന്റെ ശ്രദ്ധക്ഷണിക്കൽ പോലെയുള്ള ഒരു മറുപടിയാണ്. അതല്ല, ഇവിടെ സെൻട്രൽ നിയമമുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. വി. ഡി. സതീശൻ ഇതിന് സബ്മിഷൻ ഉന്നയിച്ചപ്പോൾ ആറ് മാസത്തിനുള്ളിൽ അത് കേരളത്തിൽ നടപ്പാക്കുമെന്ന് പറഞ്ഞു. ഇതുവരെ ഇത് നടപ്പാക്കിയിട്ടില്ല. മുൻ ജില്ലാ കളക്ടർമാർക്കും സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകന്മാർക്കും ഇതാണ് ഗതിയെങ്കിൽ മുൻ എം.എൽ.എ.മാർക്കും മുൻ മന്ത്രിമാർക്കും നമുക്കൊക്കെ വരാൻ പോകുന്ന ഗതിയാണിത്. അതുകൊണ്ട് ഇത് സാമ്പത്തികമായ മാത്രം പ്രശ്നമല്ല മനസ്സിന്റെ കൂടി പ്രശ്നമാണ്. ഇക്കാര്യത്തിൽ ഗൗരവമായി നിയമം നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. എളമരം കരീം: കേന്ദ്ര നിയമം കർശനമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

IV സബ്മിഷൻ

(1) ആയുധ വിവരം വെളിപ്പെടുത്തൽ

ശ്രീ. കെ. എം. മാണി: സർ, വനത്തിന്റെ അതിർത്തിക്ക് 10 കിലോമീറ്റർ ഉള്ളിൽ താമസിക്കുന്ന ആളുകൾ അവരുടെ കൈവശമുള്ള ആയുധങ്ങളുടെ കണക്ക് വൈൽഡ് ലൈഫ് വാർഡന് കൊടുക്കണമെന്ന ഒരു നിർദ്ദേശം ഗവൺമെന്റിൽനിന്ന് ഉണ്ടായിട്ടുള്ളതായി ചില മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആയുധ കണക്കെടുപ്പ് കർഷകർക്ക് ദുരിതമാകുന്നു. തോക്കുകൾ കൈവശമുള്ളവർക്ക് മാത്രമായിരുന്നു ലൈസൻസ് വേണ്ടിയിരുന്നത്. എന്നാൽ പുതിയ നിർദ്ദേശപ്രകാരം കൃഷിക്കാർ തുമ്പ, വെട്ടുകത്തി, കോടാലി, കമ്പിപ്പാര, കൂടം എന്നിവയ്ക്കുപോലും ലൈസൻസ് എടുക്കേണ്ട അവസ്ഥയാണ്. ഇങ്ങനെയൊരു ഉത്തരവ് ഇറങ്ങുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഇറങ്ങിയിട്ടുണ്ടെങ്കിൽ അത് റദ്ദ് ചെയ്യേണ്ടതാണ്.

വനവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): സർ, അങ്ങനെയൊരു ഉത്തരവ് ഇറങ്ങിയിട്ടില്ല. അതുകൊണ്ട് അങ്ങ് ഒന്നുമില്ലായ്മയിൽനിന്ന് മഹാസംഭവമുണ്ടാക്കേണ്ട കാര്യമില്ല. അങ്ങ് ഒരു പത്രവാർത്തയെമാത്രം അടിസ്ഥാനമാക്കി ഇത് പറയാൻ പാടില്ലായിരുന്നു. ഉത്തരവ് ഇറങ്ങിയിട്ടില്ല. തോക്കിന് ലൈസൻസ് ബാധകമാണ്. ബാധകമായിരിക്കുകയും വേണം.

(2) കെ.ഇ.ആർ. ഭേദഗതി

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഇടുക്കി ജില്ലയിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചേഴ്സിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും നിയമനം നടത്തിയിട്ടില്ല. അടിയന്തരമായി നിയമനം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ. കഴിഞ്ഞ നവംബർ 14-ന് 2010 കായിക വർഷമായി പ്രഖ്യാപിക്കുകയുണ്ടായി.

പരിപാടി ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി ഫിസിക്കൽ എഡ്യൂക്കേഷൻ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയതായി പ്രഖ്യാപിച്ചിരുന്നു. നിലവിലുള്ള രീതിയനുസരിച്ച് യു.പി. വിഭാഗത്തിൽ 500 കുട്ടികളുണ്ടായിരിക്കണം. അല്ലെങ്കിൽ 8, 9 ക്ലാസ്സുകളിലായി അഞ്ച് ഡിവിഷനുണ്ടായിരിക്കണം. മറ്റ് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കാമെന്നാണ്. ഈ രീതിയിൽ നിയമനം നടത്തിയാൽ കായികാദ്ധ്യാപകരായ ഉദ്യോഗാർത്ഥികളുടെ പ്രശ്നം പരിഹരിക്കപ്പെടില്ല. ഇവർക്ക് നിയമനം നൽകുന്നതിന് നിലവിലുള്ള കെ.ഇ.ആർ. വ്യവസ്ഥകളിൽ മാറ്റം വരുത്തി നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, സംസ്ഥാനത്ത് അഞ്ച് മുതൽ ഒൻപത് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽ നടത്തിയ കായികക്ഷമതാ പരിശോധന ഫലം കേരള സമൂഹത്തെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ കുട്ടികളിൽ കായികക്ഷമതയുള്ളത് വെറും 14 ശതമാനം കുട്ടികൾക്ക് മാത്രമാണ്. 86 ശതമാനം കുട്ടികളും കായികക്ഷമതാ പരീക്ഷയിൽ പരാജയപ്പെട്ടു. കായികക്ഷമത ഇല്ലായ്മയാണ് പ്രസ്തുത പഠനം വെളിപ്പെടുത്തുന്നത്. കുട്ടികളുടെ ശാരീരിക വളർച്ചയ്ക്കും മാനസിക വികാസത്തിനും കളികൾ വഹിക്കുന്ന പങ്ക് വേണ്ടതോതിൽ ഉൾക്കൊള്ളാൻ നമ്മുടെ സമൂഹത്തിന് കഴിയാതെ വരുന്നു. കുട്ടികൾ കളിക്കുന്ന സമയം പാഴായിപ്പോകുന്ന പഠന സമയമായിട്ടാണ് വിദ്യാസമ്പന്നരായ കേരളീയ സമൂഹം പരിഗണിക്കുന്നത്. കഷ്ടമാണ്. ഇതിന്റെ ഫലമാണ് കായികക്ഷമതാ പരിശോധനയിൽ വെളിപ്പെടുത്തുന്നത്. കളിയോടും കായികാദ്ധ്വാനത്തോടും നാം വച്ചുപുലർത്തുന്ന സമീപനം മാറേണ്ടത് കേരളത്തിന്റെ ഭാവിക്ക് അനിവാര്യമാണ്. സമൂഹത്തിന്റെ ഈ കാഴ്ചപ്പാടിന്റെ പ്രതിഫലനം വിദ്യാഭ്യാസ മേഖലയിലുമുണ്ടായി. അതിന്റെ ദുരന്തമാണ് അങ്ങ് ഇവിടെ ഉന്നയിച്ച കാര്യം. നേരത്തെ ഇതൊക്കെയുണ്ടായിരുന്നു. കായികാദ്ധ്യാപകരും സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സും പടിപടിയായി ഇല്ലാതായി. ഇതിന്റെ ഭാഗമായി കായികാദ്ധ്യാപകരും സ്പെഷ്യലിസ്റ്റ് അധ്യാപകരും കുറഞ്ഞുവന്നു. ഈ കാഴ്ചപ്പാട് മാറ്റാനുള്ള ശ്രമം വിദ്യാഭ്യാസ വകുപ്പും കായികവകുപ്പും സംയുക്തമായി ഏറ്റെടുത്തിരിക്കുകയാണ്. അതാണ് അന്ന് പ്രഖ്യാപിച്ചത്. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമായി മാറിയതോടുകൂടി ഇന്ത്യയിലാദ്യമായി ഈ വർഷം നടപ്പാകുകയാണ്. അതിന്റെ ഭാഗമായി അദ്ധ്യാപകരെ നിലനിർത്തുക, കൂടുതൽ അദ്ധ്യാപകരെ നിയമിക്കുക എന്നതാണ് ലക്ഷ്യം. ഇടുക്കി ജില്ലയിൽ അങ്ങ് ഉന്നയിച്ച കാര്യം പ്രത്യേകം പരിശോധിച്ച് നടപടികൾ സ്വീകരിക്കാം.

(3) കാട്ടാക്കട-കോട്ടൂർ റോഡ്

ശ്രീ. ജി. കാർത്തികേയൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽ കാട്ടാക്കട-കോട്ടൂർ റോഡ് നാല് പഞ്ചായത്തുകൾ കടന്നുപോകുന്ന റോഡാണ്. വളരെയധികം ട്രാഫിക്കുള്ള ഈ റോഡിന് പലപ്പോഴായി

LIBRARY ARCHIVES Kerala Legislative Assembly